2024
FEBRUARY
26
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സുദർശൻ സേതു: രാജ്യത്തെ നീളമേറിയ കേബിൾ പാലം ഉദ്ഘാടനം ചെയ്തു



**അഹമ്മദാബാദ്:** കടലിൽ മുങ്ങിപ്പോയ പൗരാണിക ദ്വാരകാ നഗരത്തെ അടിത്തട്ടിലെത്തി തൊഴുത് മയിൽപ്പീലി സമർപ്പിച്ച് പ്രാർഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സഹസ്രാബ്ദങ്ങൾക്കു മുൻപ് കടലിനടിയിലായ ദ്വാരകയുടെ അവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയിരുന്നു.

പ്രസിദ്ധമായ ദ്വാരകാധീശ് ക്ഷേത്ര സന്ദർശനത്തിൻറെ ഭാഗമായാണു മോദി അറബിക്കടലിനടിലെത്തി പ്രാർഥിച്ചത്. കടലിൽ മുങ്ങിയെത്തിയ ശേഷമായിരുന്നു ക്ഷേത്രദർശനം. മുങ്ങൽ വിദഗ്ധർക്കൊപ്പം കടലിൽ മുങ്ങുന്നതിൻറെയും ഭഗവാൻ ശ്രീകൃഷ്ണൻറെ രാജധാനിയിൽ തൊഴുന്നതിൻറെയും മയിൽപ്പീലികൾ സമർപ്പിക്കുന്നതിൻറെയും ചിത്രങ്ങൾ പ്രധാനമന്ത്രി എക്സ് പ്ലാറ്റ്ഫോമിലൂടെ പങ്കുവച്ചു.

'വെള്ളത്തിനടിയിൽ മുങ്ങിക്കിടക്കുന്ന ദ്വാരകാ നഗരത്തിൽ പ്രാർഥിക്കാൻ സാധിച്ചത് ദൈവീകമായ അനുഭൂതിയായിരുന്നു. ആത്മീയ മഹത്വത്തിലും കാലാതീതമായ ഭക്തിയിലും പുരാതന യുഗവുമായി ബന്ധമുള്ളതായി എനിക്ക് അനുഭവപ്പെട്ടു. ഭഗവാൻ ശ്രീകൃഷ്ണൻ നമ്മെ അനുഗ്രഹിക്കട്ടെ" മോദി കുറിച്ചു.

രാജ്യത്തെ ഏറ്റവും നീളമേറിയ ഓഖ ദ്വാരകാ ദ്വീപ് തൂക്കുപാലം രാജ്യത്തിനു സമർപ്പിക്കാനും എയിംസുകൾ അടക്കമുള്ളവ ഉദ്ഘാടനം ചെയ്യാനുമാണ് മോദി ദ്വാരകയിലെത്തിയത്.

സുദർശൻ സേതു എന്നു പേരിട്ട 2.32 കിലോമീറ്റർ ദൈർഘ്യമുള്ള പാലത്തിൻറെ നിർമാണ ചെലവ് 979 കോടി രൂപയാണ്. നടപ്പാതയുടെ വശങ്ങളിലായി ഭഗവദ് ഗീതയിൽ നിന്നുള്ള വരികളും കൃഷ്ണൻറെ ചിത്രങ്ങളും ആലേഖനം ചെയ്തിരിക്കുന്നു.

## റഷ്യൻ യുദ്ധം: 31,000 യുക്രെയ്ൻ സൈനികർ കൊല്ലപ്പെട്ടതായി സെലൻസ്കി



**കീവ്:** റഷ്യയുമായുള്ള രണ്ട് വർഷത്തെ യുദ്ധത്തിൽ 31,000 സൈനികർ കൊല്ലപ്പെട്ടതായി യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി.

തങ്ങളുടെ രാജ്യത്തിൻറെ വിജയം പാശ്ചാത്യ പിന്തുണയെ ആശ്രയിച്ചിരിക്കുന്നുവെന്നും അമേരിക്ക ഒരു നിർണായക സൈനിക സഹായ പാക്കേജിന് അംഗീകാരം നൽകുമെന്ന് തനിക്ക് ഉറപ്പുണ്ടെന്നും സെലൻസ്കി പറഞ്ഞു.

റഷ്യൻ സൈനിക പദ്ധതിയെ സഹായിക്കുമെന്നതിനാൽ യുദ്ധത്തിൽ പരിക്കേറ്റ സൈനികരുടെ എണ്ണം വെളിപ്പെടുത്തുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഈ ഓരോ നഷ്ടവും ഞങ്ങൾക്ക് വലിയ നഷ്ടമാണ്.

ഇരുപക്ഷവും സൈനികരുടെ മരണം കുറയ്ക്കുമെന്ന് വിശ്വസിക്കപ്പെടുന്നു. യുദ്ധം മൂന്നാം വർഷത്തിലേക്ക് കടക്കുന്ന സാഹചര്യത്തിൽ സംസാരിക്കുകയായിരുന്നു സെലൻസ്കി. പുടിനുമായി സംസാരിക്കുമോ എന്ന ചോദ്യത്തിന് സെലൻസ്കി പറഞ്ഞു, നിങ്ങൾക്ക് ഒരു ബധിരനോട് സംസാരിക്കാമോ എതിരാളികളെ കൊല്ലുന്ന ഒരാളോട് നിങ്ങൾക്ക് സംസാരിക്കാമോ എന്നും സെലൻസ്കി ചോദിച്ചു.

## ഒന്നാം ക്ലാസിൽ ചേരാൻ 6 വയസ്സ് തികയണം: കേന്ദ്ര നിർദേശം നടപ്പാക്കില്ലെന്ന് മന്ത്രി

**ന്യൂഡൽഹി:** പുതിയ അധ്യയനവർഷം മുതൽ ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി 6 വയസ്സാക്കണമെന്നു നിർദേശിച്ചു സംസ്ഥാനങ്ങൾക്കു കേന്ദ്ര സർക്കാർ കത്തയച്ചു. കഴിഞ്ഞ വർഷങ്ങളിൽ നൽകിയ നിർദേശം കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളും നടപ്പാക്കാത്ത സാഹചര്യത്തിലാണു പുതിയ കത്ത്.

ഒന്നാം ക്ലാസ് പ്രവേശനത്തിന് 6 വയസ്സ് തികയണമെന്നതു ദേശീയ വിദ്യാഭ്യാസ നയത്തിലെ (2020) നിർദേശമാണ്. ഇതു നടപ്പാക്കണമെന്ന് 2021 മാർച്ചിലും 2023 ഫെബ്രുവരിയിലും കേന്ദ്രം ആവശ്യപ്പെട്ടിരുന്നു. പുതിയ അധ്യയന വർഷത്തേക്കുള്ള പ്രവേശന നടപടികൾ ഉടൻ ആരംഭിക്കുന്ന സാഹചര്യത്തിലാണു കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ സ്കൂൾ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി അർച്ചന ശർമ അവസ്തി കഴിഞ്ഞ ദിവസം വീണ്ടും കത്തയച്ചത്. മാറ്റം വരുത്തി മാർഗരേഖ പ്രസിദ്ധീകരിക്കണമെന്നും കത്തിലുണ്ട്.

## ജിമെയിലിനോട് ഏറ്റുമുട്ടാൻ ഇലോൺ മസ്കിൻെറ എക്സ് മെയിൽ വരുന്നു




**കൊച്ചി:** ഗൂഗ്ളിൻറെ ജനപ്രിയ ഇമെയിൽ സർവീസ് ആയ ജിമെയിലിനോട് മത്സരിക്കാൻ ഒരുങ്ങുകയാണ് എലോൺ മസ്ക്. മുൻ ടിറ്ററായിരുന്ന ഇപ്പോഴത്തെ എക്സ് എന്ന തൻറെ മൈക്രോബ്ലോഗിങ് സൈറ്റിൻറെ പേരിൽ എക്സ് മെയിൽ എന്ന സ്വന്തം ഇമെയിൽ സേവനം ആരംഭിക്കാനാണ് അദ്ദേഹത്തിൻറെ തീരുമാനം. എക്സ് പ്ലാറ്റ്ഫോമിലെ ഒരു ചർച്ചയിലാണ് മസ്ക് എക്സ് മെയിൽ വരുന്നു എന്ന് വെളിപ്പെടുത്തിയത്.

എക്സ് പ്ലാറ്റ്ഫോമിൽ നടന്ന ഒരു സംഭാഷണത്തിനിടെയാണ് മസ്ക് എക്സ് മെയിൽ വരുന്നു എന്ന് പ്രഖ്യാപിച്ചത്. എക്സിലെ എൻജിനീയറായ നേറ്റ് 'എപ്പോഴാണ് ഞങ്ങൾ എക്സ് മെയിൽ ഉണ്ടാക്കുന്നത്' എന്ന് ചോദിച്ചപ്പോൾ, മസ്ക് തൻറെ സ്വഭാവിക ശൈലിയിൽ 'ഇത് വരുന്നു' എന്നാണ് മറുപടി നൽകിയത്. എക്സ് ഇമെയിൽ എപ്പോൾ പുറത്തിറങ്ങുമെന്നോ അതിൻറെ പ്രത്യേകതകൾ എന്താണെന്നോ ഇതുവരെ വ്യക്തമായിട്ടില്ല. പക്ഷേ, ഇത് എക്സ് ആപ്പിൽ സംയോജിപ്പിക്കപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്.

അതേസമയം ജിമെയിലിനെ വെല്ലുവിളിക്കുക എന്നത് വളരെ വലിയ ഒരു കടമ്പയാണ്. 2024ലെ കണക്കനുസരിച്ച് 1.8 ബില്യൺ ഉപയോക്താക്കളാണ് ജിമെയിലിനുള്ളത്. എന്നിരുന്നാലും, മസ്കിൻറെ ഈ പുതിയ സംരംഭത്തെ ഉപയോക്താക്കൾ ആവേശത്തോടെയാണ് സ്വീകരിച്ചത്. എക്സ് മെയിൽ എന്ന ഹാഷ്ടാഗ് 15,000ത്തിലധികം പോസ്റ്റുകളുമായി എക്സ്ൽ ട്രെൻഡായി തീർന്നു. വിവിധ മീമുകൾ പങ്കുവെച്ചും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചും ഉപയോക്താക്കൾ ഈ വാർത്തയോട് പ്രതികരിച്ചിട്ടുണ്ട്.

2023ൽ എലോൺ മസ്ക് സ്ഥാപിച്ച എക്സ് എ ഐ കമ്പനിയാണ് ചാറ്റ് ജിപിടിയുടെ സ്വന്തം പതിപ്പായ ഗ്രോക്ക് അവതരിപ്പിച്ചത്. അതേ കമ്പനി തന്നെ പുതിയ എക്സ് മെയിൽ നിർമിക്കാൻ സാധ്യതയുണ്ട്. എന്തായാലും ഗൂഗ്ളിനോട് മത്സരിക്കാൻ തന്നെ ആണ് എക്സ് മെയിൽ എത്തുന്നതെന്നാണ് റിപ്പോർട്ടുകൾ.



# ഇന്ത്യൻ ഓയിലിന്റെ കസ്റ്റമൈസ്ഡ് ഇന്ധനം സ്റ്റോം പുറത്തിറക്കി

**കൊച്ചി:** 2024 സീസണിലെ എഫ്ഐഎം ഏഷ്യ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പിനായി ഇന്ത്യൻ ഓയിലിന്റെ കസ്റ്റമൈസ്ഡ് ഇന്ധനമായ 'സ്റ്റോം', കേന്ദ്ര പെട്രോളിയം, പ്രകൃതിവാതകം, ഭവന, നഗരകാര്യ മന്ത്രി ഹർദീപ് സിംഗ് പുരി പുറത്തിറക്കി. റേസിംഗ് സർക്യൂട്ടിലെ പ്രീമിയം സൂപ്പർ ബൈക്കുകൾക്കായി ഇന്ത്യൻ ഓയിൽ പ്രത്യേകം വികസിപ്പിച്ചെടുത്ത ഹൈഒക്ടേൻ അൾട്ടിമേറ്റ് റേസിംഗ് ഫ്യൂവൽ ആഗോളതലത്തിൽ നടക്കുന്ന റേസിംഗ് ഇവന്റുകളിൽ ചാമ്പ്യന്മാരുടെ ഇന്ധനമായി നിലകൊള്ളും. നവഷേവയിലെ ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റിൽ നടന്ന ചടങ്ങിൽ പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം സെക്രട്ടറി പങ്കജ് ജെയിൻ, ഇന്ത്യൻ ഓയിൽ ചെയർമാൻ ശ്രീകാന്ത് മാധവ് വൈദ്യ, ഇന്ത്യൻ ഓയിൽ ഡയറക്ടർ (മാർക്കറ്റിംഗ്) വി സതീഷ് കുമാർ എന്നിവരും പങ്കെടുത്തു.പ്രീമിയം ഇന്ധനം ഫ്ലാഗ് ഓഫ് ചെയ്തുകൊണ്ട്, ഗുജറാത്ത് റിഫൈനറിയിൽ നിന്ന് ഇന്ത്യൻ ഓയിൽ ആദ്യമായി കാറ്റഗറി 2 റേസ് ഇന്ധനത്തിന്റെ ഉത്പാദനം ആരംഭിച്ചതായി ഹർദീപ് സിംഗ് പുരി പറഞ്ഞു.




ഈ റേസ് ഇന്ധനം, എവി ഗ്യാസ് 100 എൽഎൽ, റഫറൻസ് ഇന്ധനങ്ങൾ തുടങ്ങിയ മറ്റ് ഓഫറുകൾക്കൊപ്പം, കർശനമായ അന്താരാഷ്ട്ര സവിശേഷതകൾ പാലിക്കുകയും സ്വാശ്രയത്വത്തിനായുള്ള ഇന്ത്യയുടെ സമീപകാല ശ്രമങ്ങളുമായി പൊരുത്തപ്പെടുകയും ചെയ്യുന്നു. കൃത്യമായ മാനദണ്ഡങ്ങൾ ആവശ്യമുള്ള മികച്ച ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനുമുള്ള ഇന്ത്യൻ ഓയിലിന്റെ കഴിവുകളെ മിസ്റ്റർ ജെയിൻ അഭിനന്ദിച്ചു. ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്നതും ഭാവിയിലേക്കുള്ള ആവശ്യങ്ങൾക്കനുസൃതമായി പരിഹാരങ്ങൾ നൽകാൻ കഴിയുന്ന ഒരു ലോകോത്തര കമ്പനിയാണ് ഇന്ത്യൻ ഓയിൽ എന്ന് ഈ ഉൽപ്പന്ന പോർട്ട്ഫോളിയോ കാണിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.ആഗോളതലത്തിൽ പുതിയ വ്യവസായ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്ന ലോകോത്തര ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിൽ കമ്പനിയുടെ സുസ്ഥിരമായ വിജയത്തെക്കുറിച്ച് ഈ അവസരത്തിൽ ശ്രീ എസ് എം വൈദ്യ വിശദീകരിച്ചു. 'ഇന്ത്യൻ ഓയിൽ ഇൻഹൗസ് റിസോഴ്സുകൾ പ്രയോജനപ്പെടുത്തി ആത്യന്തിക റേസിംഗ് ഇന്ധനമായ 'സ്റ്റോം' പുറത്തിറക്കുന്നതിൽ വളരെയധികം അഭിമാനിക്കുന്നു. ഇന്ത്യൻ ഓയിൽ 'സ്റ്റോം' അസാധാരണമായ പ്രകടനം കാഴ്ചവയ്ക്കുമെന്നും ഈ ചാമ്പ്യൻഷിപ്പുകൾ അറിയപ്പെടുന്ന ആവേശകരമായ റേസിംഗ് അനുഭവത്തിന് സംഭാവന നൽകുമെന്നും ഞങ്ങൾക്ക് ഉറപ്പുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇന്നത്തെ ഫ്ലാഗ് ഓഫ്, മേക്ക് ഇൻ ഇന്ത്യ, മേക്ക് ഫോർ ദ വേൾഡ് എന്നിവയിലേക്കുള്ള ഞങ്ങളുടെ കൂട്ടായ ശ്രമത്തിന്റെ മറ്റൊരു മാനദണ്ഡമായി തെളിയിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പൂർണമായും ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന 'സ്റ്റോം'ന്റെ ലോഞ്ച്, സ്വാശ്രയത്വത്തിന്റെയും 'മെയ്ക്ക് ഇൻ ഇന്ത്യ' ദൗത്യത്തിന്റെയും ഉത്തേജനം കുറിക്കുന്നു. എഫ്ഐഎമ്മുമായുള്ള സഹകരണം, കർശനമായ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായി നൂതന ഓട്ടോമോട്ടീവ് സൊല്യൂഷനുകൾ വികസിപ്പിക്കുന്നതിലെ ഇന്ത്യയുടെ കഴിവുകളുടെ ശക്തമായ പ്രകടനമാണ്. എഫ്ഐഎം ഏഷ്യ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പ് പോലുള്ള അഭിമാനകരമായ റേസിംഗ് ഇവന്റുകളിൽ ആധുനിക വാഹനങ്ങൾക്ക് ഊർജം പകരുന്ന ഈ നിച്ച് ഓഫർ, സാങ്കേതിക സ്വയംപര്യാപ്തതയിലേക്കും മികവിലേക്കുമുള്ള ഇന്ത്യയുടെ യാത്രയെ ഉത്തേജിപ്പിക്കുന്നു.ഇന്ത്യൻ ഓയിൽ ഇതിനകം തന്നെ X-P100, X-P95 പോലുള്ള ഉയർന്ന ഒക്ടേൻ ഇന്ധനങ്ങളും റഫറൻസ് ഗ്യാസോലിൻ, ഡീസൽ തുടങ്ങിയ ഉയർന്ന കൃത്യതയുള്ള ഇന്ധനങ്ങളും, ഏവിയേഷൻ ഇന്ധനമായ AV ഗ്യാസ് 100 LL എന്നിവയും വിപണനം ചെയ്യുന്നുണ്ട്.

# രാംജി സ്മാരക ചിത്രരചനാ മത്സരം നടത്തി

**കൊച്ചി:** എറണാകുളം പ്രസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്കായി രാംജി സ്മാരക ചിത്രരചനാ മത്സരം നടത്തി.

ചിൽഡ്രൻസ് പാർക്കിൽ നടന്ന പരിപാടി ടി.ജെ. വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കലക്ടർ എൻ.എസ്.കെ. ഉമേഷ് മുഖ്യാതിഥിയായിരുന്നു. പ്രസ് ക്ലബ് സെക്രട്ടറി എം.സൂഫി മുഹമ്മദ് സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. കെ.യു.ഡബ്ല്യു.ജെ. സംസ്ഥാന വൈസ് പ്രസിഡന്റ് സീമ മോഹൻലാൽ ആശംസ നേർന്നു. എൽ.കെ.ജി, യു.കെ.ജി, എൽ.പി, യു.പി, ഹൈസ്കൂൾ തലത്തിൽ നിന്ന് 325 മത്സരാർഥികൾ പങ്കെടുത്തു.



രാംജി ചിത്രരചന മത്സര കൺവീനർ സുനി അൽ ഹാദി, പ്രസ് ക്ലബ് വൈസ് പ്രസിഡന്റ് ജിജീഷ്, ജോയിന്റ് സെക്രട്ടറി മനു വിശ്വനാഥ്, നിർവാഹക സമിതി അംഗങ്ങളായ ബൈജു ഭാസി, അനിൽ സച്ചു, വി.ആർ. ശ്രീജിത്ത് അംഗങ്ങളായ ഷാജി ഇടപ്പള്ളി, സഹദുള്ള, ഗീത, സുമേഷ് എന്നിവർ സംബന്ധിച്ചു. ട്രഷറർ മനു ഷെല്ലി നന്ദി പറഞ്ഞു.




# പ്രിന്റ് ആന്റ് ബിയോണ്ട് എട്ടാമത് എഡിഷൻ അരങ്ങേറി

**കൊച്ചി:** ഗുട്ടൻബർഗിന്റെ കാലത്തു നിന്നും തീർത്തും വ്യത്യസ്തമായ കാലത്തേക്കാണ് പ്രിന്റിംഗ് ലോകം എത്തിയതെന്ന് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് എം ഡി ദിവ്യ എസ് അയ്യർ പറഞ്ഞു.

കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പ്രിന്റ് ആന്റ് ബിയോണ്ട് എട്ടാമത് എഡിഷൻ വിർചലായി ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു ദിവ്യ എസ് അയ്യർ.ബാല്യത്തിൽ പുസ്തകത്തിന്റെ മണവും കഥകൾ വായിച്ചതും ഭാവനയിൽ അതൊക്കെ കണ്ടതുമൊക്കെ താനിപ്പോഴും ഗൃഹാതുരത്വത്തോടെ ഓർക്കാറുണ്ടെന്ന് അവർ പറഞ്ഞു. പുതിയ തലമുറയിലെ കുട്ടികൾക്ക് ഇത്തരം അനുഭവങ്ങൾ ഉണ്ടാവില്ലെങ്കിലും തന്റെ തലമുറയെ ഉൾപ്പെടെ ഭാവനയിലേക്കും സ്വപ്നങ്ങളിലേക്കും നയിച്ചതിൽ പ്രിന്റർമാർക്ക് വലിയ പങ്കുണ്ടെന്നും അവർ പറഞ്ഞു.ലേ ഔട്ടും അക്ഷരങ്ങളും പോലെ പ്രധാനമാണ് അച്ചടിച്ച പുസ്തകത്തിന്റെ കലാസാം മഷിയും ബൈന്റിംഗുമെന്നും അവർ പറഞ്ഞു. അച്ചടിച്ചവ കൂടുതൽ നന്നായി വായിപ്പിക്കുന്നതിൽ പ്രിന്റിംഗിന് വലിയ പങ്കു വഹിക്കാനുണ്ട്.

പരിസ്ഥിതി സൗഹൃദമാകാനും മാലിന്യ നിർമാർജ്ജനത്തിലും കൂടി കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് ദിവ്യ എസ് അയ്യർ ആവശ്യപ്പെട്ടു. പ്രിന്റിംഗ് മേഖലയ്ക്ക് വിശാലമായ ലോകം തുറന്നിടാൻ വിഴിഞ്ഞം തുറമുഖം തയ്യാറായി ഉണ്ടെന്നും അവർ ഓർമിപ്പിച്ചു.ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് പ്രസിഡന്റ് രാഘബേന്ദ്ര എൻ ദത്ത ബറുവ നിലവിളക്ക് കൊളുത്തി. പ്രിന്റ് ആന്റ് ബിയോണ്ട് 2024 ചെയർമാൻ രാജു എൻ കുട്ടി, കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ലൂയിസ് ഫ്രാൻസിസ്, ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് വൈസ് പ്രസിഡന്റ് സൗത്ത് ജി രവീന്ദ്ര ബാബു, കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ജി വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു.പ്രിന്റ് അറ്റ് 2030 എന്ന വിഷയത്തിൽ 2030ൽ ഏതുതരത്തിലാണ് മുതൽമുടക്കുകൾ നടത്തേണ്ടത് എന്ന കാര്യങ്ങൾ വിവിധ സെഷനുകളിൽ അരവിന്ദ് ശേഖർ, സാഹിൽ റാവു, അനുജ് ഭാർഗ്ഗവ, പ്രൊഫ. ഡോ. രാജേന്ദ്രകുമാർ അനയത്ത്, രാമു രാമനാഥൻ എന്നിവർ സംസാരിച്ചു.

# കാഴ്ച പരിമിതരുടെ ത്രിരാഷ്ട്ര സൗഹൃദ ക്രിക്കറ്റ്: ഇന്ത്യക്ക് ജയം

**ദുബായ്:** കാഴ്ച പരിമിതരുടെ ത്രിരാഷ്ട്ര സൗഹൃദ ക്രിക്കറ്റ് ടൂർണമെന്റിൽ രണ്ടാം പതിപ്പിൽ ഇന്ത്യ പാക്കിസ്ഥാനെ 46 റൺസിനു തോൽപ്പിച്ചു. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 224 റൺസ് നേടി.

ഓപ്പണർമാരായ സുനിൽ രമേശ് 61 പന്തിൽ 87 റൺസും, വെങ്കിടേശ്വര റാവു 41 പന്തിൽ 56 റൺസ് നേടി മികച്ച തുടക്കം നൽകി. 24 പന്തിൽ 42 റൺസ് നേടിയ അജയ്കുമാർ റെഡ്ഡി ഇന്ത്യൻ ഇന്നിംഗ്സ് മികച്ച പിന്തുണ നൽകി.മറുപടി ബാറ്റിങ്ങിനിറങ്ങിയ പാക്കിസ്ഥാൻ 6 വിക്കറ്റ് നഷ്ടത്തിൽ 178 റൺസിന് പുറത്തായി . 42 പന്തിൽ 58 റൺസെടുത്ത മുഹമ്മദ് സൽമാൻ മാത്രമാണ് പാക്കിസ്ഥാൻ നിരയിൽ തിളങ്ങിയത്.ടി ദുർഗറാവു, ദേവരാജ് ബഹറ, അജയ് കുമാർ റെഡ്ഡി എന്നിവർ ഓരോ വിക്കറ്റ് വീതം നേടി. സുനിൽ രമേശാണ് കളിയിലെ താരം.പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ പാകിസ്താനോട് 5 വിക്കറ്റിനു പരാജയപ്പെട്ടിരുന്നു. ഞാറാഴ്ച നടക്കുന്ന മൽസരത്തിലാണ് പരമ്പര ജേതാക്കളെ തീരുമാനിക്കുക.

# ഒച്ചുകൾ പടർത്തുന്ന ഇസിനോഫിലിക് മെനിംഗോ എൻസെഫലൈറ്റിസ് കുട്ടികൾക്കിടയിൽ വ്യാപിക്കുന്നു



**കൊച്ചി:** ഒച്ചുകളിൽ നിന്ന് പകരുന്ന ഇസിനോഫിലിക് മെനിംഗോഎൻസെഫലൈറ്റിസ് എന്ന ഗുരുതരമായ രോഗാവസ്ഥ ദക്ഷിണേന്ത്യയിലെ കുട്ടികൾക്കിടയിൽ വ്യാപകമാകുന്നുവെന്ന് പഠനം. കൊച്ചി അമൃത ആശുപത്രി കഴിഞ്ഞ 14 വർഷമായി നടത്തിയ പഠനത്തിലാണ് രോഗിയുടെ മരണത്തിന് ഇടയാക്കുന്നതോ മസ്തിഷ്കത്തിനും ഞരമ്പിനും ശാശ്വതമായി തകരാറുണ്ടാക്കുന്നതോ ആയ ഇസിനോഫിലിക് മെനിംഗോഎൻസെഫലൈറ്റിസ് കുട്ടികളിൽ വ്യാപിക്കുന്നുവെന്ന് കണ്ടെത്തിയത്. അമൃതയുടെ കൊച്ചിൻ കാമ്പസിൽ നടത്തിയ ഈ പഠനത്തിൽ പരിശോധിക്കപ്പെട്ട കുട്ടികളിൽ പകുതിയിലധികം പേർക്കും ഒച്ചുകളുമായി നേരിട്ട് സമ്പർക്കമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെട്ടു. 2008 മുതൽ 2021 വരെ നടത്തിയ പഠനത്തിൽ എറണാകുളത്തെയും സമീപജില്ലകളിലെയും ഉള്ളവരെയാണ് ഉൾപ്പെടുത്തിയത്.

അമൃത ആശുപത്രിയിലെ പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിലെ ഡോ. കെ.പി. വിനയന്റെ നേതൃത്വത്തിലുള്ള സംഘമാണ് കുട്ടികളിലെ ഇസിനോഫിലിക് മെനിംഗോഎൻസെഫലൈറ്റിസ് (ഇ.എം) എന്ന രോഗത്തിന്റെ ക്ലിനിക്കൽ പാറ്റേണുകൾ സൂക്ഷ്മമായി പരിശോധിച്ചത്.ഇസിനോഫിലിക് മെനിംഗോഎൻസെഫലൈറ്റിസ് എന്നത് തലച്ചോറിനെയും അതിന്റെ ചുറ്റുമുള്ള ടിഷ്യൂകളെയും ബാധിക്കുന്ന ഗുരുതരമായ രോഗാവസ്ഥയാണ്. ഇത് ശ്വേതരക്താണുക്കളിലെ ഒരു തരമായ ഇസിനോഫിൽസുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒച്ചുകളിൽ സാധാരണയായി കാണപ്പെടുന്ന ആൻജിയോസ്ട്രോങ്ങ്ലസ് കാന്റൊനെൻസിസ് അഥവാ റാറ്റ് ലങ് വേം (എലിയുടെ ശ്വാസകോശത്തിൽ ഉരുവാക്കപ്പെടുന്ന പാരസൈറ്റുകളായ അണുക്കൾ) ആണ് ഇസിനോഫിലിക് മെനിംഗോഎൻസെഫലൈറ്റിസിന് കാരണമാകുന്നത്. ഒച്ചുകളുമായി നേരിട്ടുള്ള സമ്പർക്കത്തിലൂടെയോ ഒച്ചിന്റെ ലാർവ വീണ ഭക്ഷണത്തിലൂടെയോ കളിപ്പാട്ടത്തിലൂടെയോ കുട്ടികൾക്ക് അണുബാധയേൽക്കാം. കുടലിൽ നിന്ന് തലച്ചോറിലേക്ക് സഞ്ചരിക്കുന്ന ലാർവ ഇസിനോഫിലിക് മെനിംഗോഎൻസെഫലൈറ്റിസ് ഉണ്ടാക്കുന്നു.

വൃത്തിയാക്കാത്ത, വേവിക്കാത്ത പച്ചക്കറികൾ അടങ്ങിയ സാലഡുകൾ കഴിക്കുന്നതിലൂടെയും സാമൂഹികസാംസ്കാരിക രീതികളുടെയോ പ്രത്യേക പാചക ശീലങ്ങളുടെയോ ഭാഗമായി പാകം ചെയ്യാത്ത ഉടുമ്പ്, ഞണ്ട്, തവള, ചെമ്മീൻ എന്നിവയുടെ മാംസം കഴിക്കുന്നതിലൂടെയും ഈ അണുബാധയേൽക്കാം.സാധാരണ മെനിഞ്ചൈറ്റിസിന്റെ ലക്ഷണങ്ങളായ ഉയർന്ന തോതിലുള്ള പനി, അലസത, ക്ഷോഭം, പ്രകാശത്തോടും ശബ്ദത്തോടുമുള്ള സംവേദനക്ഷമത, ഛർദ്ദി, അല്ലെങ്കിൽ ഇടവിട്ടുള്ള ബോധ, അബോധാവസ്ഥ എന്നിവയാണ് ഇസിനോഫിലിക് മെനിംഗോഎൻസെഫലൈറ്റിസിന്റെയും ലക്ഷണങ്ങൾ. എന്നാൽ, മെനിഞ്ചൈറ്റിസിന് ഉപയോഗിക്കുന്ന ആന്റിബയോട്ടിക്കുകൾ കൊണ്ട് ഈ രോഗലക്ഷണങ്ങൾ കുറയുന്നില്ല എന്നതാണ് ഇ.എം നെ മറ്റു മെനിഞ്ജൈറ്റിസുമായി വ്യത്യാസപ്പെടുത്തുന്നത്. ലംബർ പഞ്ചർ എന്ന ലളിതമായ നടപടിക്രമത്തിലൂടെ സെറിബ്രോസ്പൈനൽ ദ്രാവകത്തിൽ (സിഎസ്എഫ്) ഇസിനോഫിലുകളുടെ സാന്നിധ്യം ഉണ്ടോ എന്ന് പരിശോധിച്ചാണ് രോഗം സ്ഥിരീകരിക്കുന്നത്. ഇന്ത്യയിൽ പാരസൈറ്റ് അണുബാധ തിരിച്ചറിയാൻ മതിയായ പ്രത്യേക പരിശോധനകളില്ല എന്നത് എടുത്തുപറയേണ്ടതാണ്.'കഴിഞ്ഞ പത്തുവർഷക്കാലമായി ഈ പ്രദേശങ്ങളിൽ നിന്ന് ഇ.എം ബാധിച്ച് വരുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. പലരും ബാക്ടീരിയൽ, വൈറൽ, ട്യൂബെർക്യുലസ് മെനിഞ്ചൈറ്റിസിന് ആഴ്ചകളോളം ചികിത്സ തേടിയതിന് ശേഷമാണ് രോഗം തിരിച്ചറിയപ്പെടുന്നത് പോലും. തുടക്കത്തിൽ തന്നെ തിരിച്ചറിയാൻ രോഗം സംശയിക്കപ്പെടുന്ന പ്രാദേശിക പ്രദേശങ്ങളിൽ ഉചിതമായ പരിശോധനകൾ നടത്തേണ്ടത് പ്രധാനമാണ്. ഈ അണുബാധകൾ, ഗുരുതരമായതും മരണമോ മസ്തിഷ്കത്തിനും ഞരമ്പുകൾക്കും സ്ഥിരമായി കേടുപാടുകൾ വരുത്താൻ കഴിവുള്ളവയോ ആണ്. ഒച്ചുകളുള്ള പ്രദേശങ്ങളിലെ അഴുക്കിലും മണ്ണിലും കളിക്കുന്ന കുട്ടികളിൽ ഇത് കൂടുതലായി കാണപ്പെടുന്നു. വീടും പരിസരവും ശുചിയായി സൂക്ഷിക്കുക, സാലഡുകൾ പോലെ അസംസ്കൃതമായി ഉപയോഗിക്കുന്ന പച്ചക്കറികൾ ശരിയായി വൃത്തിയാക്കുക എന്നിവ അനിവാര്യമായ പ്രതിരോധ മാർഗ്ഗങ്ങളാണെന്ന് പീഡിയാട്രിക് ന്യൂറോളജി തലവൻ ഡോ. കെ.പി. വിനയൻ പറയുന്നു.നേരിട്ടുള്ള ഉപയോഗത്തിലൂടെയോ അണുബാധയേറ്റ വെള്ളത്തിലൂടെയോ പച്ചക്കറികളിലൂടെയോ ഈ അണുക്കൾ മനുഷ്യശരീരത്തിൽ പ്രവേശിക്കാം. വളർന്നുവരുന്ന ഈ ഭീഷണി നേരിടാൻ ആരോഗ്യപരിപാലന വിദഗ്ധർ, രക്ഷിതാക്കൾ, നയരൂപകർത്താക്കൾ എന്നിവരുടെ കൂട്ടായ പ്രവർത്തനം അത്യാവശ്യമാണെന്ന് അന്താരാഷ്ട്ര പ്രശസ്തി നേടിയ ജേണലായ പീഡിയാട്രിക് ന്യൂറോളജിയിൽ പ്രസിദ്ധീകരിച്ച പഠന കണ്ടെത്തലുകൾ അടിവരയിടുന്നു.'മുമ്പ് കരുതിയത് പോലെ ഇസിനോഫിലിക് മെനിംഗോഎൻസെഫലൈറ്റിസ് അപൂർവ്വമല്ല എന്ന് ഞങ്ങളുടെ പഠനം വെളിപ്പെടുത്തുന്നു. പ്രത്യേകിച്ച് കാലവർഷത്തിന് ശേഷമുള്ള മാസങ്ങളിൽ. കഴിഞ്ഞ 1 2 പതിറ്റാണ്ടുകളായി വലിയ ആഫ്രിക്കൻ ഒച്ചുകളുടെ (അചാറ്റിന ഫുലിക്ക) എണ്ണത്തിലുള്ള വർദ്ധനവ്, ഈ ഒച്ചുകൾ ധാരാളമായി ഉള്ള പ്രദേശങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് എത്രത്തോളം അപകടസാധ്യതയുണ്ടെന്ന് ചൂണ്ടിക്കാട്ടുന്നുവെന്ന് അമൃത ആശുപത്രി പീഡിയാട്രിക് ന്യൂറോളജിയിലെ ഡോ. വൈശാഖ് ആനന്ദ് കൂട്ടിച്ചേർക്കുന്നു. ഈ അണുബാധയേറ്റ, ശരാശരി 3.9 വയസ് പ്രായമുള്ള (0.8 മുതൽ 17 വയസ്സ് വരെ) കുട്ടികൾ സാധാരണയായി പനി, തലവേദന, മുൻകോപം, കോങ്കണ്ണ്, നേത്രരോഗമായ പാപ്പില്ലെഡെമയുടെ തുടക്കം തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്നതായി പഠനം കണ്ടെത്തി. ആശുപത്രി പ്രവേശനത്തിന് 3 മുതൽ 42 ദിവസം മുമ്പാണ് ഈ ലക്ഷണങ്ങൾ കാണിച്ചത്. 9% മുതൽ 41% വരെ ബാഹ്യമായ ഇസിനോഫീലിയ നിരീക്ഷിച്ചു. ബ്രെയിൻ മാഗ്നറ്റിക് റെസൊണൻസ് ഇമേജിംഗ് (എംആർഐ) നടത്തിയ 24 കുട്ടികളിൽ 62.5% പേരുടെ ഫലം സാധാരണമായപ്പോൾ 8.3% പേരിൽ ലെപ്റ്റോമെനിഞ്ചിയൽ എൻഹാൻസ്മെന്റ് കണ്ടു. 29.1% പേർ നിർദ്ദിഷ്ടമല്ലാത്ത മാറ്റങ്ങളും കാണിച്ചു. ആൽബെൻഡാസോൾ, ഓറൽ സ്റ്റിറോയിഡുകൾ എന്നീ ചികിത്സാരീതികൾ പിന്തുടർന്ന് എല്ലാ കുട്ടികളും നാഡിസംബന്ധ തകരാറുകളില്ലാതെ സുഖം പ്രാപിച്ചു. ഒരു മാസം മുതൽ അഞ്ച് വർഷം വരെയായിരുന്നു ഫോളോഅപ്പ് കാലയളവ്. അവർക്ക് രോഗം വീണ്ടും വന്നിട്ടില്ല. രോഗം സമയബന്ധിതമായി തിരിച്ചറിയുന്നതും ശരിയായ ചികിത്സയും മികച്ച ഫലമേകുമെന്ന് ഇത് ചൂണ്ടിക്കാട്ടുന്നു.

ഒച്ചുകളിലൂടെ പകരുന്ന ഈസിനോഫിലിക് മെനിൻഗോഎൻസെഫലൈറ്റിസ് സംബന്ധിച്ച അപകടസാധ്യതകളെക്കുറിച്ച് അവബോധം വളർത്തുന്നതിനുള്ള ശ്രമങ്ങൾ ശക്തമാക്കണമെന്ന് ആരോഗ്യ വിദഗ്ധർ സമൂഹത്തോടും ആരോഗ്യ പരിരക്ഷാ ദാതാക്കളോടും നയരൂപകർത്താക്കളോടും അഭ്യർത്ഥിക്കുന്നു. രോഗലക്ഷണങ്ങൾ, വേഗത്തിലുള്ള രോഗനിർണയം, സങ്കീർണതകൾ തടയുന്നതിന് ഉടനടി ചികിത്സ ആരംഭിക്കൽ എന്നിവയ്ക്കായി ജാഗ്രതയോടെയുള്ള നിരീക്ഷണത്തിന്റെ പ്രാധാന്യം അവർ ഊന്നിപ്പറയുന്നു. ശുചിത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുജനാരോഗ്യ കാമ്പെയ്നുകൾ, പ്രത്യേകിച്ച് വലിയ ആഫ്രിക്കൻ ഒച്ചുകൾ കൂടുതലുള്ള പ്രദേശങ്ങളിൽ നിർണായകമാണ്. കൂടാതെ, ഒച്ചുകൾ ഉണ്ടാക്കുന്ന അപകടസാധ്യതകളെക്കുറിച്ചും പ്രതിരോധ നടപടികളെക്കുറിച്ചും കുട്ടികളെ പഠിപ്പിക്കുന്നതിന് സ്കൂളുകളിൽ വിദ്യാഭ്യാസ പരിപാടികൾ ഉൾപ്പെടുത്താനും വിദഗ്ധർ ശുപാർശ ചെയ്യുന്നു.

# വിദ്യാഭ്യാസ മേഖലയിൽ മാത്രം നടപ്പിലാക്കുന്നത് 18.64 കോടി രൂപയുടെ പദ്ധതികൾ

**കൊച്ചി:** വിദ്യാഭ്യാസസാംസ്കാരിക ടൂറിസം കായിക മേഖലകളിൽ വൻ വികസന പ്രവർത്തനങ്ങൾ കളമശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിവരികയാണെന്ന് വ്യവസായ മന്ത്രി പി.രാജീവ്. പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റി മണ്ഡലത്തിൽ സമഗ്ര മേഖലയിലും വികസനം ഉറപ്പാക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

പൊതുവിദ്യാഭ്യാസ മേഖല കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ പുതിയ കെട്ടിടങ്ങൾക്കും അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്കുമായി 18.64 കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്. സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, കളിക്കളങ്ങൾ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് തുക അനുവദിച്ചത്.

ഉളിയന്നൂർ ഗവ. എൽ.പി സ്കൂളിൽ 1.2 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. കോട്ടപ്പുറം ഗവ. എൽ.പി സ്കൂൾ ഒരു കോടി രൂപ, ഈസ്റ്റ് കടുങ്ങല്ലൂർ സ്കൂൾ 1.99 കോടി രൂപ, ഏലൂർ ഗവ. എൽ.പി സ്കൂൾ ഒരു കോടി രൂപ, കരുമാല്ലൂർ ഗവ. എൽ.പി സ്കൂൾ 75 ലക്ഷം രൂപ എന്നീ ക്രമത്തിലുള്ള വികസന, നിർമ്മാണ പദ്ധതികളാണ് പുരോഗമിക്കുന്നത്. മുപ്പത്തടം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ 3.6 കോടി രൂപയുടെയും കിഫ്ബി പദ്ധതിയിൽ 1.3 കോടി രൂപയുടെയും പദ്ധതികൾ ഉൾപ്പെടെ 4.9 കോടി രൂപയുടെ പദ്ധതികളാണു നടപ്പിലാക്കുന്നത്.

ഇതോടൊപ്പം ഏലൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. വിദ്യാലയത്തിൽ പുതിയ ക്ലാസ് റൂമുകൾ, ആധുനിക ലൈബ്രറി, കളിസ്ഥലം എന്നിവ നിർമ്മിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറായി. ഇതിനായി സാമ്പത്തിക വർഷം 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ഇതോടൊപ്പം അയിരൂർ ഗവ. എൽ.പി സ്കൂൾ, ബിനാനിപുരം ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

മണ്ഡലത്തിലെ കോട്ടപ്പുറം ഗവ. എൽ.പി സ്കൂൾ, ഉളിയന്നൂർ ഗവ. എൽ.പി സ്കൂൾ, കരുമാല്ലൂർ ഗവ. എൽ.പി സ്കൂൾ എന്നിവയിലെ പെയിന്റിംഗ്, മറ്റു അറ്റകുറ്റ അനുബന്ധ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി 31.5 ലക്ഷം രൂപയും അനുവദിച്ചു. ബജറ്റിൽ നേ‍ാർത്ത് കടുങ്ങല്ലൂർ എൽ.പി സ്കൂളിന്റെ പഴയ കെട്ടിടം പുനർ നിർമ്മിക്കാൻ 2 കോടി രൂപയും കടുങ്ങല്ലൂർ സ്കൂളിലെ ശതാബ്ദി മന്ദിരത്തിന് ഓഡിറ്റോറിയത്തിന് 1.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കളമശ്ശേരി ഐടിഐയിൽ ഇമെക്, എം സി ഇ എ, പെയിന്റർ ജനറൽ ട്രേഡുകളുടെ പുതിയ വർക്ക്ഷോപ്പ് നിർമ്മിക്കുന്നതിലേക്കായി 1.18 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.അടുത്ത സാമ്പത്തിക വർഷം ഏലൂർ മെട്രോ സ്റ്റേഷന് സമീപം പാർക്ക്, ജിം, മറ്റു സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതാണ്.

ആരോഗ്യം

# ഗർഭകാല പ്രമേഹം മനസ്സിലാക്കാം



**ഡോ. ഹസൂരിയ സാദിക്,** എച്ച്ഒഡി ആൻഡ് സീനിയർ കൺസൾട്ടന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഒബ്സ്റ്റേട്രിക്സ് ആൻഡ് ഗൈനക്കോളജി ആസ്റ്റർ മിംസ് കണ്ണൂർ

ഗർഭകാലത്ത് നിരവധി രോഗങ്ങളും അസുഖങ്ങളും കണ്ടുവരാറുണ്ട്. ഇത്തരത്തിൽ ഗർഭകാലത്ത് പ്രത്യക്ഷപ്പെടുന്ന ഒരു ശാരീരിക അവസ്ഥയാണ് ഗർഭകാല പ്രമേഹം. ഭൂരിഭാഗം പേരിലും പ്രസവശേഷം അപ്രത്യക്ഷമാകുന്ന താൽക്കാലിക അവസ്ഥയാണെങ്കിലും ചിലരിൽ പ്രമേഹം മാറാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. ഇതിനെ ടൈപ്പ് 2 പ്രമേഹം എന്നാണ് പറയുന്നത്.

കൊച്ചുകുട്ടികൾ മുതൽ പ്രായമായവരിൽ വരെ പ്രമേഹം ഉണ്ടാകാറുണ്ട്. എന്നാൽ പ്രസവ സമയത്ത് സങ്കീർണതകൾ ഉണ്ടാവുന്നതിന് ഗർഭകാല പ്രമേഹം കാരണമാകുന്നു.

**ഗർഭകാല പ്രമേഹത്തിന്റെ കാരണങ്ങൾ**

ഗർഭിണികളിൽ ഉണ്ടാകുന്ന ഹോർമോൺ വ്യതിയാനങ്ങൾ മൂലം ഇൻസുലിന്റെ പ്രവർത്തനം തടസപ്പെടുന്നതാണ് ഗർഭകാല പ്രമേഹം ഉണ്ടാകുന്നതിന്റെ പ്രധാനകാരണം. പോളി സിസ്റ്റിക് ഓവറി സിൻഡ്രോം , അമിത വണ്ണം , വൈകിയുള്ള ഗർഭധാരണം,( 35 വയസിനു മുകളിലുള്ളവർ) പാരമ്പര്യം തുടങ്ങിയവ ഗർഭകാല പ്രമേഹത്തിന് കാരണമാകും. ഇത് കൂടാതെ സമീകൃതമല്ലാത്ത ഭക്ഷണരീതിയും വ്യായാമം ഇല്ലാത്ത ജീവിത രീതിയും പ്രമേഹ സാധ്യത വർധിപ്പിക്കുന്നതാണ്.

ഗർഭകാല പ്രമേഹത്തെ കരുതണം, കാരണം ഇത് അമ്മക്കും കുഞ്ഞിനും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാനുള്ള സാധ്യത കൂടുതലാണ്. ഷുഗർ വർധിക്കുന്നതിലൂടെ കുഞ്ഞിൻറെ ഭാരം കൂടാനും പ്രസവം സങ്കീർണമാകാനും സാധ്യത വളരെ കൂടുതലാകുന്നു

അമ്മമാരിൽ ഉയർന്ന രക്തസമ്മർദ്ദം ഉണ്ടാകാനുള്ള സാധ്യത കൂടുതലാകുന്നു. ഗർഭകാല പ്രമേഹമുള്ള അമ്മമാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഭാര കൂടുതൽ ഉണ്ടാകാനും ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ ഉണ്ടാകാനുമുള്ള സാധ്യത കൂടുതലാണ്. ആയതിനാൽ സിസേറിയൻ ചെയ്യേണ്ടി വന്നേക്കാം. മാസമെത്താതെയുള്ള പ്രസവം, അമ്മയ്ക്കും കുഞ്ഞിനും ഐസിയു ചികിത്സ എന്നിവയാണ് മറ്റു ചില സങ്കീർണ്ണതകൾ.

**പരിശോധന വൈകിപ്പിക്കേണ്ട**

കൃത്യമായി രോഗ നിർണയം നടത്തുക എന്നതാണ് ഏറ്റവും പ്രധാനം. ഗർഭാവസ്ഥയിലുള്ള പ്രമേഹത്തിനുള്ള സ്ക്രീനിംഗും രോഗനിർണയവും സാധാരണയായി ഗർഭാവസ്ഥയുടെ 24 മുതൽ 28 ആഴ്ചകൾക്കിടയിലാണ് നടത്തേണ്ടത്.

ആദ്യ മൂന്ന് മാസത്തിനുള്ളിൽ നിർബന്ധമായും രക്തപരിശോധന നടത്തണം. പ്രസവം കഴിഞ്ഞ് ആറ് ആഴ്ച്ചയ്ക്ക് ശേഷവും രക്ത പരിശോധന നടത്തി പ്രമേഹമില്ലെന്ന് ഉറപ്പ് വരുത്തുകയും വേണം.

**ഈ കാര്യങ്ങൾ സൂക്ഷിക്കാം**

അനാരോഗ്യകരമായ ഭക്ഷണരീതി ഒഴിവാക്കുകയും കൃത്യമായി വ്യായാമം ചെയ്യുകയും ചെയ്യുക എന്നതാണ് പ്രധാനം. രക്തത്തിലെ പഞ്ചസാരയുടെ അളവ് കൃത്യമായി നിരീക്ഷിക്കേണ്ടതും അത്യാവശ്യമാണ്.

കുടുംബത്തിൽ പ്രമേഹ പാരമ്പര്യമുള്ള സ്ത്രീകൾ ഗർഭിണിയാകുന്നതിന് മുൻപ് തന്നെ ആരോഗ്യ വിദഗ്ധരിൽ നിന്ന് വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുന്നത് വഴി സങ്കീർണതകൾ കുറയ്ക്കാനും കഴിയും. ആരോഗ്യകരമായ ശരീര ഭാരം കൈവരിക്കാനും രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിച്ച് നിർത്താനും ഇതുവഴി കഴിയും. ഗർഭകാല പ്രമേഹമുള്ള സ്ത്രീകൾ പ്രസവത്തിനു ശേഷമുള്ള പ്രമേഹ പരിശോധന നടത്തേണ്ടത് വളരെ പ്രധാനമാണ്. ഭൂരിഭാഗം പേരിലും പ്രസവശേഷം രക്തത്തിലെ പഞ്ചസാരയുടെ അളവ് സാധാരണ നിലയിലാകാറാണ് പതിവ്.

# വി.എച്ച്.എസ്.ഇ തൊഴിൽ മേളയിൽ 62 പേർക്ക് നിയമനം

**ആലപ്പുഴ:** വൊക്കേഷണൽ ഹയർ സെക്കന്ററി അടിസ്ഥാന യോഗ്യതയുള്ള ജില്ലക്കാർക്കായി നടത്തിയ 'ഉണർവ്' തൊഴിൽ മേള എച്ച്. സലാം എം.എൽ.എ ഉദ്ഘാടനം ചെയ്തു. പൊതു വിദ്യാഭ്യാസ വകുപ്പും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗവും ആലപ്പുഴ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും സംയുക്തമായാണ് മേള സംഘടിപ്പിച്ചത്.

267 ഉദ്യോഗാർത്ഥികൾ പങ്കെടുത്ത തൊഴിൽ മേളയിൽ 62 പേർക്ക് നിയമനവും 30 പേർ ചുരുക്കപ്പട്ടികയിലും ഉൾപ്പെട്ടു.

ജില്ലയിലെ വി.എച്ച് എസ്.ഇ സ്ക്കൂളുകൾ വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്തവരാണ് തൊഴിൽ മേളയിൽ പങ്കെടുത്തത്.

തൊഴിൽ മേളയോടൊപ്പം ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നേതൃത്വത്തിൽ വി.എച്ച്.എസ്.ഇ. വിദ്യാർഥികളുടെ സ്വയം തൊഴിൽ സാധ്യതകൾ എന്ന വിഷയത്തിൽ നടന്ന സെമിനാർ വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖല അസിസ്റ്റന്റ് ഡയറക്ടർ ഷാജു തോമസ് ഉദ്ഘാടനം ചെയ്തു. അമ്പലപ്പുഴ ഗവ. മോഡൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ നടന്ന മേളയിൽ അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശോഭ ബാലൻ അധ്യക്ഷത വഹിച്ചു. വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖല അസിസ്റ്റന്റ് ഡയറക്ടർ ഷാജു തോമസ്, സി.ജി.സി.സി സ്റ്റേറ്റ് കോ ഓർഡിനേറ്റർ ഡോ. വി.എസ് സന്തോഷ്, ജില്ലാ പഞ്ചായത്ത് അംഗം പി.അഞ്ചു, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ആർ.ജയരാജ്, ആലപ്പുഴ വൊക്കേഷണൽ ഗൈഡൻസ് എംപ്ലോയ്മെന്റ് ഓഫീസർ പി. ആർ അമ്പിളി, പ്രിൻസിപ്പാൾമാരായ മേരി ഷീബ, എച്ച്. ഹനീഷ്യ, ആലപ്പുഴ സി.ജി.സി.സി ജില്ലാ ഓർഡിനേറ്റർ കെ.സലീൽ കുമാർ, സ്റ്റാഫ് സെക്രട്ടറി സതീഷ് കൃഷ്ണ, എസ്.എസ്.ജി കൺവീനർ സി.രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.



# തിരുമ്പി വന്തിട്ടേൻ



**കൊച്ചി:** സ്വന്തം തട്ടകത്തിൽ ഗോൾ മഴ തീർത്ത് വിജയ വഴിയിലേക്കുള്ള തിരിച്ചു വരവ് ഗംഭീരമാക്കി കേരളത്തിന്റെ കൊമ്പൻമ്മാർ .രണ്ടിനെതിരെ നാലു ഗോളുകൾക്കാണ് ബ്ലാസ്റ്റേഴ്സ് ഗോവയെ തകർത്തത്.

ആദ്യപകുതിയിൽ രണ്ട് ഗോളിന് പിന്നിൽ നിന്ന ശേഷമായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ അതിഗംഭീര തിരിച്ചുവരവ്. പരിക്ക് മാറി തിരിച്ചെത്തിയ ദിമിത്രിയോസ് ഡയമന്റകോസ് രണ്ട് ഗോളുമായി (80, 84) ടീമിനെ മുന്നിൽ നിന്ന് നയിച്ചപ്പോൾ ഡെയ്സുകെ സകായ് (51), ലൂണക്ക് പകരമെത്തിയ ഫെഡോർ സെർനിച്ച് (88) എന്നിവർ ഓരോ ഗോൾ വീതം നേടി നിർണായക വിജയത്തിൽ പങ്കാളികളായി. റൗളിങ് ബോർജസും (7), മുഹമ്മദ് യാസിറും (17) ഗോവക്കായി ബ്ലാസ്റ്റേഴ്സ് വല കുലുക്കി. തുടർച്ചയായ മൂന്ന് മത്സരങ്ങൾ തോറ്റ ബ്ലാസ്റ്റേഴ്സിന്റെ ലീഗ് ഇടവേളക്ക് ശേഷമുള്ള ആദ്യ ജയമാണിത്. .

ആദ്യ മിനിറ്റിൽ തന്നെ ഡമയന്റകോസിലൂടെ ബ്ലാസ്റ്റേഴ്സ് ലീഡിനായി ശ്രമിച്ചെങ്കിലും ലക്ഷ്യം അകന്നു. പിന്നാലെ ഗോവയുടെ നീക്കങ്ങൾ. മക്ഹഗിന്റെ ഹെഡർ ഗോൾ ശ്രമം ഡ്രിൻസിച്ച് കോർണറിന് വഴങ്ങി വിഫലമാക്കിയെങ്കിലും തൊട്ടടുത്ത മിനിറ്റിൽ ഗോവക്കാർ മുന്നിലെത്തി. കോർണറിൽ നിന്നുള്ള അത്യുഗ്രൻ ക്രോസ് ബോൾ ബോക്സിന് തൊട്ടുമുന്നിൽ വീണ് വലയുടെ വലതുഭാഗത്ത് നിൽക്കുകയായിരുന്ന റൗളിങ് ബോർജസിന്റെ കാലിലേക്ക്. ഒറ്റ പ്രഹരത്തിൽ പന്ത് വലയിൽ പതിച്ചു, കരൺജിത്ത് കാഴ്ചക്കാരനായി. രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ ബ്ലാസ്റ്റേഴ്സ് ഗോവൻ ബോക്സിലേക്ക് ഇരച്ചുകയറി, ഇടവേളയിൽ കോച്ച് താരങ്ങൾക്ക് നൽകിയ നിർദേശം വ്യക്തം. പെടുന്നെനെയായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ ആക്രമണങ്ങൾ, ഗോവൻ പ്രതിരോധം സമ്മർദത്തിലായി. ഡയമന്റകോസിന്റെ ഷോട്ട് അർഷ്ദീപ് കയ്യിലൊതുക്കി. ഡയമന്റകോസിനെ ഗോവ നായകൻ ഒഡോയ് സബാല അപകടകരമായ പൊസിഷനിൽ ഫൗൾ ചെയ്തു, ബോക്സിനരികെ ബ്ലാസ്റ്റേഴ്സിന് ഫ്രീകിക്ക്. ഡയ്സുകെയുടെ മാസ്മരിക ഷോട്ട് തടുക്കാൻ ഗോളി പരമാവധി ഡൈവ് ചെയ്തെങ്കിലും പോസ്റ്റിൽ തട്ടി പന്ത് വലയ്ക്കകത്ത് വിശ്രമിച്ചു. ഒറ്റഗോളിൽ ബ്ലാസ്റ്റേഴ്സ് ഉണർന്നു കളിച്ചു, ഗോവക്കാരുടെ കളിവേഗം കുറഞ്ഞു. സെറ്റ് പീസുകളിൽ ടീമിന് കരുത്തേകിയ ബോർജ സൈഡ് ബെഞ്ചിലേക്ക് മടങ്ങിയതോടെ അവരുടെ കളി പ്രതിരോധത്തിൽ മാത്രമായി. 79ാം മിനിറ്റിൽ സെർനിച്ചിനെ ലക്ഷ്യമിട്ട് ഡെയ്സുകെ ബോക്സിലേക്ക് നൽകിയ പന്ത് ക്ലിയർ ചെയ്യാനുള്ള കാൾ മക്ഹഗിന്റെ ശ്രമം പാളി, പന്ത് കയ്യിൽ തട്ടി. കിക്കെടുത്ത നായകന് പിഴച്ചില്ല.

ഗോവയെ ഒപ്പം പിടിച്ച ബ്ലാസ്റ്റേഴ്സ് മിനിറ്റുകൾക്കകം മൂന്നാം ഗോളും നേടി മുന്നിലെത്തി. ഇടതുമൂലയിൽ നിന്ന് വന്ന പന്ത് കയ്യിലൊതുക്കാനുള്ള ഗോവ ഗോളിയുടെ ശ്രമം പരാജയപ്പെട്ടു, പന്ത് വലക്കരികിൽ വീണു. മുന്നിലായി നിന്ന ഡയമന്റകോസിനെ തടയാനുള്ള പ്രതിരോധ താരത്തിന്റെ ശ്രമവും പാളി, വീണുകിടക്കെ ഡയമന്റകോസ് പന്ത് വലക്കുള്ളിലാക്കി. ഗ്യാലറി പൊട്ടിത്തെറിച്ചു, ഡയമന്റകോസ് ജഴ്സിയൂരി ആഘോഷത്തിനൊപ്പം ചേർന്നു. തുടരെയുള്ള ഗോളിൽ അന്താളിച്ചുനിന്ന ഗോവക്കാരെ സ്തബ്ധരാക്കി 88ാം മിനിറ്റിൽ ലിത്വാനിയൻ താരം ഫെഡോർ സെർനിച്ചിന്റെ ബൂട്ടിൽ നിന്ന് ബാസ്റ്റേഴ്സിന്റെ നാലാം ഗോളും പിറന്നു. ബോക്സിന്റെ വലതുഭാഗത്ത് സ്വതന്ത്രനായി നിന്ന സെർനിച്ച് അതിവേഗം കുതിച്ചെത്തി നിലംപറ്റെയുള്ള ഷോട്ടിൽ വലകുലുക്കുകയായിരുന്നു.ജയത്തോടെ 29 പോയിന്റുമായി ഗോവയെ പിന്തള്ളി ടീം നാലാം സ്ഥാനത്തേക്കുയർന്നു. മാർച്ച് രണ്ടിന് ബെംഗളൂരു എഫ് സിക്കെതിരെ അവരുടെ തട്ടകത്തിലാണ് ബ്ലാസ്റ്റേഴ്സിന് അടുത്ത മൽസരം




കെ.എം.എം ഇന്റർ കോളജിയേറ്റ് സൂപ്പർ കപ്പ് സെവൻസ് ഫുട്ബോൾ ടൂർണമന്റിൽ ചാംപ്യന്മാരായ കാലടി ശ്രീശങ്കര കോളജ് ടീം

## ഇന്റർ കോളജിയേറ്റ് ഫുട്ബോൾ ടൂർണമന്റ്: കാലടി ശ്രീശങ്കര കോളജ് ചാംപ്യന്മാർ

**കൊച്ചി:** കെ.എം.എം ഇന്റർ കോളജിയേറ്റ് സൂപ്പർ കപ്പ് സെവൻസ് ഫുട്ബോൾ ടൂർണമന്റിൽ കാലടി ശ്രീശങ്കര കോളജ് ചാംപ്യന്മാരായി. കെ.എം.എം കോളജ് ഓഫ് ആർട്സ് ആന്റ് സയൻസ് തൃക്കാക്കരയാണ് റണ്ണർ അപ്പ്. ചൊവ്വര കെ.എം.എം കോളജ് മൈതാനിയിൽ നടന്ന സമാപന സമ്മേളനത്തിൽ ചാംപ്യൻഷിപ്പ് നേടിയ ടീമിനുള്ള ട്രോഫിയും 25,000 രൂപ ക്യാഷ് പ്രൈസും, റണ്ണർ അപ്പ് ആയ ടീമിനുള്ള ട്രോഫിയും 15,000 രൂപ ക്യാഷ് പ്രൈസും കെ എം എം കോളേജ് മാനജേർ ഡോ. ബെൻസീർ ഹുസൈൻ , എടത്തല സി ഐ കെ ബി ഹരികൃഷ്ണൻ, ശ്രീമൂലനഗരം പഞ്ചായത്ത് പ്രസിഡന്റ് വി എം ഷംസുദ്ദീൻ, കോളജ് പ്രിൻസിപ്പാൾ മാഹിൻ ഇബ്രാഹിം എന്നിവർ ചേർന്ന് വിതരണം ചെയ്തു.എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്ന ഇരുപതോളം കോളജുകളിൽ നിന്നുള്ള ടീമുകളാണ് ചാംപ്യൻഷിപ്പിൽ പങ്കെടുത്തത്.

## ഐ സി എ ഐ പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു




**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് പുതിയ ഭാരവാഹികൾ ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ സ്ഥാനമേറ്റു. കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ ഉദ്ഘാടനം നിർവഹിച്ചു.

പ്രൊഫഷണലിസത്തെ പുനഃവ്യാഖ്യാനം ചെയ്യുന്ന കാലമാണിതെന്ന് ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ പറഞ്ഞു. സുതാര്യമായ രീതിയിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോവുകയും തങ്ങളെ സമീപിക്കുന്നവരെ ഏറ്റവും നല്ല രീതിയിൽ കൈകാര്യം ചെയ്യാൻ സാധിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.

ദീപ വർഗ്ഗീസ്, സലിം എ, സതീശൻ പി, ബാബു അബ്രഹാം കള്ളിവയലിൽ, ജോമോൻ കെ ജോർജ്ജ്, ജോബി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

